# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1554** **14-07-2016-ൽ മറുപടിയ്ക്ക്**

**<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>**

| | **<u>ചോദ്യം</u>**<br><br>**ശ്രീ. കെ. ബാബു** | | **<u>മറുപടി</u>**<br><br>**ഡോ. ടി.എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് പദ്ധതിയിൽ അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികളെക്കൂടി ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് ചികിത്സാ സഹായം നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സംസ്ഥാനത്തെ കിടത്തി ചികിത്സയുള്ള മുഴുവൻ ആശുപത്രികളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ? | (ബി) | കാരുണ്യബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം നിലവിൽ അടിസ്ഥാന ചികിത്സാ സൗകര്യമുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സാ സഹായം നൽകുന്നുണ്ട്. വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് കാഷ്‌ലസ് ചികിത്സ നൽകുന്നതിനു തയ്യാറായി വന്നിട്ടുള്ള 75 സർക്കാരിതര ആശുപത്രികളേയും പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ആശുപത്രികളിലും പദ്ധതിയിൻ കീഴിൽ ചികിത്സ നടന്നുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**